# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1205 20.03.2012 - ൽ മറുപടിക്ക്

## കോഴിക്കോട് നഗരത്തിലെ മോണോ റെയിൽ പദ്ധതി

**ചോദ്യം**

ശ്രീ. കെ. എൻ. എ. ഖാദർ :

(എ) കോഴിക്കോട് നഗരത്തിലൂടെ രാമനാട്ടുകര വരെ നീളുന്ന മോണോ റെയിൽ പദ്ധതി കരിപ്പൂർ വിമാനത്താവളത്തിലേയ്ക്ക് നീട്ടുവാനുള്ള നിർദ്ദേശം നടപ്പിലാക്കുമോ എന്ന് വ്യക്തമാക്കുമോ; ആയതിന് എന്തു നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത് ;

(ബി) മോണോ റെയിൽ പദ്ധതിയുടെ ഒന്നാംഘട്ടം ഏതുവരെയാണ് ;

**മറുപടി**

ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്
(മരാമത്ത് വകുപ്പ് മന്ത്രി)

(എ) & (ബി) കോഴിക്കോട് നഗരത്തിലെ ഗതാഗതക്കുരുക്ക് മൂലം പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടു ഗണ്യമായി പരിഹരിക്കുന്നതിന് സഹായകമായ രീതിയിൽ ആവിഷ്ക്കരിച്ചിട്ടുള്ള ഒരു പദ്ധതിയാണ് കോഴിക്കോട് മോണോ റെയിൽ പദ്ധതി. കേരള റോഡ് ഫണ്ട് ബോർഡ്, ബാംഗ്ലൂർ ആസ്ഥാനമായ വിൽബർസ്മിത്ത് അസോസിയേറ്റ്സ് എന്ന കൺസൾട്ടന്റ് മുഖേന പ്രസ്തുത പദ്ധതിയുടെ വിശദമായ ഒരു സാധ്യതാ പഠനം നടത്തുകയുണ്ടായി. പ്രസ്തുത സാധ്യതാ പഠനത്തിൽ കോഴിക്കോട് മെഡിക്കൽകോളേജ് ജംഗ്ഷൻ മുതൽ രാമനാട്ടുകര വരെ 23 കി.മീ. ദൈർഘ്യമുള്ള മോണോ റെയിൽ കോറിഡോറാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇതിൽ മെഡിക്കൽ കോളേജ് മുതൽ മീഞ്ചന്ത വരെയുള്ള 13 കി.മീ. പദ്ധതിയുടെ ഒന്നാംഘട്ടമായും, മീഞ്ചന്ത മുതൽ രാമനാട്ടുകര വരെ രണ്ടാംഘട്ടമായും നിർമ്മാണം നടത്തുവാനാണ് ഉദ്ദേശിക്കുന്നത്. ഒന്നാംഘട്ടം നിർമ്മാണം പൂർത്തിയായതിനുശേഷം പദ്ധതി മറ്റ് സ്ഥലങ്ങളിലേയ്ക്ക് ദീർഘിപ്പിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

| | | | |
|---|---|---|---|
| (സി) | വിമാനത്താവളത്തിൽ നിന്ന് പ്രസ്തുത പദ്ധതി ആരംഭിക്കുന്നതായിരിക്കും കൂടുതൽ സൗകര്യമെന്ന് സാങ്കേതിക വിദഗ്ദരുടെ അഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിലേയ്ക്കായി നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കുമോ ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ.